LIBRARY ARCHIVES Kerala Legislative Assembly

പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയിലെ ഒഴിവുകൾ

144 [1283] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ തുടങ്ങിയവകളിലായി ഓരോ ജില്ലയിലും എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ എത്ര ഒഴിവുകളിൽ നിയമനം നടത്തി; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങൾക്കായി റാങ്ക് ലിസ്റ്റുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലെ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) ആർട്ടിസാൻസ് മേഖലയിലെ സഹകരണസംഘമായ "ആർട്ട്കോ"-യിൽ ഏതെല്ലാം തസ്തികകളിലേക്ക് എത്ര ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു; എത്ര അപേക്ഷകൾ ഉണ്ടായിരുന്നു; അപേക്ഷയിനത്തിൽ എന്തു തുക ലഭിച്ചുവെന്ന് വ്യക്ത മാക്കുമോ;

(ഡി) ആർട്ട്കോയിൽ നിയമനം നടത്തുന്നതിന് സർക്കാർ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു;

(ഇ) സംസ്ഥാനത്ത് ഒഴിവുകൾ നിലവിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ തുടങ്ങിയവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത സംഘങ്ങളിൽ/ബാങ്കുകളിൽ ഉടൻ നിയമനം നടത്തുവാൻ എന്തു നടപടികൾ സർക്കാർ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ചുവരുന്നു.

ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമനം

145 [1284] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്:
,, തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്ന് തീരുമെന്നറിയിക്കുമോ;

(ഡി) നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആകെ 155 ഒഴിവുകളുണ്ട്. അവ താഴെ പറയുംപ്രകാരമാണ്:

1. യു.ഡി. ക്ലാർക്ക്/യു.ഡി. ടൈപ്പിസ്റ്റ് ഉദ്യോഗക്കയറ്റം വഴി നൽകാനുള്ളത് .. 55
2. ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് തസ്തിക മാറ്റംവഴി നൽകേണ്ടത് .. 78
3. സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം എസ്.റ്റി. വിഭാഗം ഉദ്യോഗാർത്ഥികൾക്ക് നൽകേണ്ടത് .. 22

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ ഒഴിവുകളും സഹകരണ സംഘങ്ങളിലെ ഓഡിറ്റിംഗും

146 [1285] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ ഇതിനകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇനി എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അവ എപ്പോൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത റാങ്ക്ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കും;

(ഡി) സഹകരണ വകുപ്പിലെ ഓഡിറ്റർമാരുടെ ശമ്പളത്തിന് സംഘങ്ങളിൽ നിന്നുള്ള ഓഡിറ്റ് ഫീസ് ഇനത്തിൽ ലഭിക്കുന്നതിനേക്കാൾ കൂടുതൽ തുക കണ്ടെത്തേണ്ടതുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) പ്രാഥമിക സഹകരണ സംഘങ്ങളിലെ ഓഡിറ്റിംഗ് ഏതു കാലയളവു വരെയുള്ളത് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 381

(ബി) 155. അവ ചട്ടപ്രകാരം സഹകരണ വകുപ്പിലെ യു.ഡി. ക്ലാർക്ക്/ടൈപ്പിസ്റ്റ് വിഭാഗങ്ങൾക്കും ഗ്രാമവികസന വകുപ്പിലെ വി.ഇ.ഒ.-മാർക്കും സ്പെഷ്യൽ റിക്രൂട്ട്മെന്റ് പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും നീക്കിവച്ചിട്ടുള്ളതാണ്.

(സി) ടി ഒഴിവുകൾ നികത്തുന്നതിന് റാങ്ക്ലിസ്റ്റ് നിലവിലില്ല. എന്നാൽ ജനറൽ ലിസ്റ്റിന്റെ കാലാവധി 4-2-2004-ൽ അവസാനിക്കുമെന്ന് അറിയുന്നു.

LIBRARY ARCHIVES Kerala Legislative Assembly